ഉത്തരം

(എ, ബി) തലശ്ശേരി നാദാപുരം റോഡിന്റെ പരിഷ്ക്കരണത്തിനുവേണ്ടി തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

ആനിക്കാമ്പൊയിൽ–മേപ്പാടി റോഡ്

383 [416] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിക്കാമ്പൊയിൽ–മേപ്പാടി റോഡിന്റെ സർവ്വേ പൂർത്തിയായോ; സർവ്വേ ഏതുവരെ പൂർത്തിയായി;

(ബി) സർവ്വേ പൂർത്തിയായ ഭാഗമെങ്കിലും ഉടനെ നിർമ്മാണം ആരംഭിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഇല്ല. ഏകദേശം നാലു കിലോമീറ്റർ ദൂരം സ്ഥലത്തെ ഫീൽഡുവർക്കു പൂർത്തിയായി.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷമേ റോഡു നിർമ്മാണത്തെപ്പറ്റിയുള്ള അനന്തരനടപടികളെക്കുറിച്ച് തീരുമാനമെടുക്കാൻ കഴിയൂ.

കണ്ണൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

384 [417] ശ്രീ. പി. ഭാസ്ക്കരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. റോഡുകളുടെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

ഉദയൻകുന്ന്-കുഞ്ഞിപ്പള്ളി റോഡിന്റെ ആദ്യഭാഗത്ത് ആവശ്യമുള്ളത്ര വീതിയിൽ സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എൻ.എച്ച്. 17–ഉം കണ്ണൂർ–വളപട്ടണം റോഡും ബന്ധിപ്പിക്കുന്ന രാജാസ് ഹൈസ്കൂൾ വഴിയുള്ള അംബികാ റോഡിന് ആവശ്യമുള്ള വീതിയിൽ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥലം വിട്ടുകൊടുക്കാത്തതിനാൽ പണി ടെണ്ടർ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

നെയ്യാറ്റിൻകര മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

385 [418] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ സ്ഥിതി എന്താണെന്നും അതെപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly